# ഇവർക്ക് പവർകട്ട് പ്രശ്നമേയല്ല

**സി. ഡി. സുനീഷ്**

വയനാട് : വൈദ്യുതി ചാർജ്ജ് വർദ്ധനയും പൊല്ലാപ്പുകളുമായി കേരളം ഇരുട്ടിലമരുമ്പോഴും കൂടരഞ്ഞി പഞ്ചായത്തിലെ കക്കാടം പൊയിൽ, പൂവാറാംതോട്, തമ്പുരാൻ കൊല്ലി, മഞ്ഞക്കടവ് ഗ്രാമങ്ങൾക്ക് കുലുക്കമില്ല. അവ ഇരുട്ടകറ്റുന്നത് കെ. എസ്. ഇ. ബിയുടെ ഔദാര്യത്തിലല്ല എന്നതുതന്നെ കാരണം. സ്വന്തമായി വൈദ്യുതി ഉല്പാദിപ്പിച്ച് സ്വയം പര്യാപ്തതയുടെ മാതൃകകളായി തലയുയർത്തി നിൽക്കുകയാണീ ഗ്രാമങ്ങൾ.

ഈ പ്രദേശങ്ങളിലെ വീടുകളിൽ സോളാർ വൈദ്യുതിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ട്യൂബ് ലൈറ്റ്, ടി. വി. റേഡിയോ എന്നുവേണ്ട പമ്പ് സെറ്റ് പ്രവർത്തിക്കാൻ വരെ സൗരോർജ്ജം ധാരാളം. അനർട്ടിന്റെ സബ്സിഡിയോടും സാങ്കേതിക സഹായത്തോടും കൂടിയാണ് ഈ ഗ്രാമങ്ങൾ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി സ്വയംപര്യാപ്തതയിലെത്തിയത്.

പൂവാറാം തോട് സോളാർ ഗ്രാമമായി നേരത്തേ അംഗീകരിക്കപ്പെട്ടിരുന്നു. സർക്കാർ വൈദ്യുതി കാത്തിരുന്ന് ആശ നശിച്ച കക്കാടം പൊയിലിലെ മിക്ക വീടുകളിലും ഇന്ന് ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. മലമുകളിൽ നിന്ന് ഒഴുകിയിറങ്ങുന്ന വെള്ളം തിരിച്ചുവിട്ട് ഡൈനാമോ കറക്കി ചെലവു കുറഞ്ഞ വൈദ്യുതി വീടുകളിലെത്തിക്കുന്ന സംവിധാനമുണ്ട്.

നിരക്ക വർദ്ധനവിനെതിരെയുള്ള പ്രതിരോധത്തോടൊപ്പം സ്വയം പര്യാപ്തതയുടെ വെളിച്ചമുണർത്താനും ശ്രമിക്കേണ്ടതുണ്ടെന്ന് ഈ ഗ്രാമങ്ങൾ ഓർമ്മപ്പെടുത്തുന്നു.